**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3656** **12-03-2025 - ൽ മറുപടിയ്ക്ക്**

**ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിരന്തരം റോഡപകടങ്ങൾക്കും അതുമൂലമുള്ള മരണങ്ങൾക്കും കാരണമാവുന്ന ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾക്ക് കാരണമാകുന്ന ബസ്സുകളുടെ മത്സര ഓട്ടം, ഡോർ അടക്കാതെയുള്ള യാത്ര തുടങ്ങിയവ കണ്ടെത്തുന്നതിന് പോലീസ് സ്പെഷ്യൽ ഡ്രൈവുകൾ നടത്തിവരുന്നുണ്ട്. അമിതവേഗത നിയന്ത്രിക്കുന്നതിന് ജില്ലകളിൽ പോലീസിന് അനുവദിക്കപ്പെട്ട സ്പീഡ് റഡാറുകൾ ഉപയോഗിച്ച് കർശന വാഹന പരിശോധന നടത്തി നിയമലംഘനങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് സംയുക്തമായി വാഹനപരിശോധനകൾ നടത്തിവരുന്നുണ്ട്. ആയതിൽ നിയമലംഘനം കണ്ടെത്തുന്ന ഇത്തരം വാഹനങ്ങളുടെ പെർമിറ്റ്, വാഹന ഡ്രൈവറുടെ ലൈസൻസ്, കണ്ടക്ടർ ലൈസൻസ് എന്നിവയിന്മേൽ മോട്ടോർ വാഹന വകുപ്പ് ശിക്ഷണനടപടികൾ സ്വീകരിക്കാറുണ്ട്.<br><br>കെ.എസ്.ആർ.ടി.സി വാഹനങ്ങൾ ഉൾപ്പെട്ട റോഡപകടങ്ങളും അതിനെത്തുടർന്നുള്ള മരണങ്ങൾക്കും കാരണമാകുന്ന ബസുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബസുകളുടെ സമയക്രമം കൃത്യമായി ക്രമീകരിക്കുകയും ആവശ്യമായ റണ്ണിങ് ടൈംനൽകുകയും ചെയ്തിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി ബസുകൾ തമ്മിലും സ്വകാര്യ ബസുകളുമായും അനാവശ്യ മത്സരം ഒഴിവാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളും ക്രമീകരണങ്ങളും ചെയ്തിരിക്കുന്നതു കൂടാതെ ഇത് കൃത്യമായി പരിപാലിക്കുന്നതിന് യൂണിറ്റ് തലത്തിലുംചീഫ് ഓഫീസ് തലത്തിലും അപകട നിരീക്ഷണ സമിതി പ്രവർത്തിച്ചു വരുന്നു. ഈ സമിതി എല്ലാ മാസവും യോഗം ചേർന്ന് അപകടങ്ങൾ വിലയിരുത്തുകയും അപകടം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | റോഡ് അപകട നിവാരണവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി ഡിപ്പോ തലത്തിൽ മൂന്ന് മാസത്തിൽ ഒരിക്കൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, Road Safety Authority ഉദ്യോഗസ്ഥർ, ഈ മേഖലയിലെ വിദഗ്ധൻമാർ എന്നിവരുടെ നേതൃത്വത്തിൽ മുഴുവൻ ഡ്രൈവർ കണ്ടക്ടർ വിഭാഗം ജീവനക്കാർക്കും അപകട ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. കൂടാതെ ഫാറ്റൽ അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് സസ്പെൻഷൻ ഉൾപ്പടെയുള്ള കർശന അച്ചടക്ക നടപടികളും തിരുത്തൽ പരിശീലനവും നൽകിവരുന്നു. |
| (ബി) | മത്സരയോട്ടം നിയന്ത്രിക്കുന്നതിനായി, പെർമിറ്റ് അനുവദിക്കുമ്പോൾ സമയം ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. പെർമിറ്റ് അനുവദിക്കുമ്പോൾ മത്സരയോട്ടം ഉണ്ടാകാത്ത രീതിയിൽ ടൈം ഹിയറിംഗ് നടത്തി സമയം ക്രമീകരിച്ചാണ് ടൈം ഷീറ്റ് നൽകുന്നത്. കെ.എസ്.ആർ.ടി.സി ബസ് മത്സരയോട്ടം ഉണ്ടാകാതിരിക്കുന്നതിന് കെ.എസ്.ആർ.ടി.സി-ആർ.ടി.എ സെൽ രൂപീകരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ